**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 741** **30-01-2024 - ൽ മറുപടിയ്ക്ക്**

**വാഴാനി ഡാമിൽ സോളാർപാനൽ സ്ഥാപിച്ച് വൈദ്യുതി ഉല്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വടക്കാഞ്ചേരി മണ്ഡലത്തിലെ വാഴാനി ഡാമിൽ സോളാർപാനൽ സ്ഥാപിച്ച് വൈദ്യുതി ഉല്പാദനം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട സാധ്യതാ പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | വാഴാനി ഡാമിൽ ഫ്ലോട്ടിംഗ് സോളാർ സ്ഥാപിക്കുന്നതിനുവേണ്ടി കെ.എസ്.ഇ.ബി. എൽ.-ന്റെയും ജലസേചന വകുപ്പിന്റെയും പ്രതിനിധികൾ സംയുക്ത പരിശോധന നടത്തുകയും തുടർന്ന് കെ.എസ്.ഇ.ബി.എൽ. നടത്തിയ പ്രാഥമിക പഠനത്തിൽ പ്രസ്തുത സ്ഥലം ഫ്ലോട്ടിംഗ് സോളാർ സ്ഥാപിക്കാൻ അനുയോജ്യമാണെന്ന് കണ്ടെത്തുകയും ചെയ്തു.<br><br>കേരളത്തിലെ റിസർവോയറുകളിൽ ഫ്ലോട്ടിംഗ് സോളാർ നിലയങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടി സാധ്യതാ പഠനം നടത്താൻ കേരള സർക്കാർ അനെർട്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ